**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3263** **08-10-2025 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിലെ മരാമത്ത് പണികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ കോട്ടക്കൽ-ഇന്ത്യനൂർ റോഡിൽ പണിക്കർകുണ്ട് പ്രദേശത്ത് സൽക്കാര സൂപ്പർ മാർക്കറ്റിന് സമീപമുള്ള വളവിലെ വെള്ളക്കെട്ട് പ്രശ്നം പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ (പ്രൈഡ് ഐ.ഡി: പി.ഡബ്ല്യൂ.ഡി./ആർ.ബി./ഇ.എസ്.ടി./9679/2025-5-1-1) വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കുമോ; | (എ) | കോട്ടയ്ക്കൽ - ഇന്ത്യന്നൂർ റോഡിൽ പണിക്കർകുണ്ട് പ്രദേശത്ത് സൽക്കാര മാർക്കറ്റിന് സമീപമുള്ള വളവിലെ വെള്ളക്കെട്ട് പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനായി 36.10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് പരിഗണനയിലാണ്. |
| (ബി) | തിരൂർ-മലപ്പുറം ദേശീയ പാതയിൽ കോട്ടക്കൽ മണ്ഡലത്തിലെ പൊന്മള ഭാഗത്ത് (71-ബി/ എൻ.കെ.എം. 21/320 to 21/470 ) സംരക്ഷണ ഭിത്തി കെട്ടുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ (പ്രൈഡ്.ഐ.ഡി: പി.ഡബ്ല്യൂ.ഡി./ആർ.ബി./ഇ.എസ്.ടി./16293/2025-5-1-1) സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനായി 19.10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | കോട്ടക്കൽ മാനദേവൻ രാജാ റോഡിന്റെ (കോവിലകം റോഡ്) സൈഡ് കോൺക്രീറ്റ് ചെയ്യുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ? | (സി) | തുടർച്ചയായ ഇറക്കത്തോടെയുള്ള കോട്ടയ്ക്കൽ കുട്ടപ്പാടി (കോവിലകം) റോഡിന്റെ ഇരുവശവും ഈ മൺസൂണിലെ മഴയിൽ ഷോൾഡറിലെ മണ്ണ് ഒലിച്ചു പോയതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഷോൾഡർ കോൺക്രീറ്റ് ചെയ്യുന്നതിനും റോഡിനോട് ചേർന്ന് വരുന്ന പഞ്ചായത്ത് റോഡുകളിൽ നിന്നും ശക്തമായി കുത്തിയൊലിച്ച് വരുന്ന വെള്ളം റോഡിലൂടെ പരന്ന് ഒഴുകി നിലവിലുള്ള റോഡ് ഉപരിതലം തകരാറിലാകാതിരിക്കാനും കി.മീ 0/550 നും കി.മീ 0/830 നും ഇടയിൽ അത്യാവശ്യമായ ഡ്രൈനേജ് നിർമ്മിക്കുന്നതിനായി 60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയത് പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ